# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1266 — 11.02.2016 ൽ - മറുപടിക്ക്

## റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>,, കെ. രാജു<br>,, ജി.എസ്. ജയലാൽ<br>,, ഇ.കെ. വിജയൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ കടകൾ എല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എ.പി.എൽ., ബി.പി.എൽ തുടങ്ങിയ വിഭാഗങ്ങൾക്ക് എന്തെല്ലാം സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നുണ്ട് ; | (എ) ഉണ്ട്. എ.പി.എൽ., ബി.പി.എൽ തുടങ്ങിയ വിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• എ.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം കി.ഗ്രാമിന് 8.90/- രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും, എ.പി.എൽ. സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡ് ഉടമകൾക്ക് പ്രതിമാസം 2/- രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും, എ.പി.എൽ. വിഭാഗത്തിലെ എല്ലാ കാർഡുടമകൾക്കും 3 കി.ഗ്രാം ഗോതമ്പ് 6.70/- രൂപ നിരക്കിലും, 2 കി.ഗ്രാം ആട്ട 15/- രൂപ നിരക്കിലും വിതരണം ചെയ്തുവരുന്നുണ്ട്.<br>• ബി.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം കി.ഗ്രാമിന് 1/- രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും, 2/- രൂപ നിരക്കിൽ 8 കി.ഗ്രാം ഗോതമ്പും, ബി.പി.എൽ, എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കി.ഗ്രാമിന് 13.50/- രൂപ നിരക്കിലും വിതരണം ചെയ്യുന്നുണ്ട്.<br>• എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും മാസത്തിൽ മണ്ണെണ്ണ സ്റ്റോക്കിലെ ലഭ്യത അനുസരിച്ച് 1/2 അല്ലെങ്കിൽ 1 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. |

(ബി) റേഷൻ കടകൾ കമ്പ്യൂട്ടർവ്ൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ടോ; സംസ്ഥാന വിഹിതം അനുവദിച്ചിട്ടുണ്ടോ; എപ്പോൾ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കും;

(ബി) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ നടപ്പാക്കി വരുന്നു.

എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ കംപോണന്റ് 1-നായി (ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കുക തുടങ്ങിയവ) 50% ചെലവുകൾ കേന്ദ്രം വഹിക്കുന്നതാണ്. ആകെയുള്ള 12.17 കോടി രൂപയിൽ 7.30 കോടി രൂപ നാളിതു വരെ കേന്ദ്രം അനുവദിച്ചു നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം 7.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

01.04.2016-മുതൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണതോതിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) നിലവിൽ ആനുകൂല്യങ്ങൾ ലഭിച്ചിരുന്ന ബി.പി.എൽ. കാർഡുകൾക്കു പകരം പ്രയോറിറ്റി കാർഡുകൾ ഏർപ്പെടുത്താനുള്ള നിർദ്ദേശമുണ്ടോ; ഇത്തരം കാർഡുകൾ ഏർപ്പെടുത്തുന്നത് ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്താനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ബി.പി.എൽ. കാർഡുകൾക്ക് പകരം പ്രയോറിറ്റി കാർഡുകൾ ഏർപ്പെടുത്താനുള്ള നിർദ്ദേശമുണ്ട്. ഇപ്രകാരം പ്രയോറിറ്റി കാർഡുകൾ ഏർപ്പെടുത്തുമ്പോൾ നഗര/ഗ്രാമ പ്രദേശങ്ങളിൽ യഥാക്രമം 39.5% പേർക്കും 52.63% പേർക്കും മുൻഗണനാ വിഭാഗത്തിനുള്ള ആനുകൂല്യം ലഭ്യമാകും. ഇത് ഇപ്പോൾ ആനുകൂല്യം ലഭ്യമാകുന്ന ആൾക്കാരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. തുടർന്നും എല്ലാവർക്കും റേഷൻ സംവിധാനം ലഭ്യമാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ